കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി3-223/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.

തീയതി:14/2/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി3-1789/16 തീയതി:09/01/2017

ഗ്രാമപഞ്ചായത്തിന്റെകിഴക്കേ കല്ലടകൊല്ലം ജില്ലയിലെ
2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10/2/16 മുതൽ 20/10/16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണ-ക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20-10-16മുതൽ 26-10-16വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | | എൻ. അശോക് കുമാർ | സീനീയർ ഗ്രേഡ് ഓഡിറ്റർ |
| | | ആർ ഷീജ | സീനീയർ ഗ്രേഡ് ഓഡിറ്റർ |
| | | ജി അമ്പിളി | സീനീയർ ഗ്രേഡ് ഓഡിറ്റർ |
| | | ജൂഡിറ്റ് വർഗ്ഗീസ് | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.മായാദേവി | 1-4-15 മുതൽ<br>31-10-15വരെ |
| | | ശ്രീ.എംവിജയൻ | 19-11-15 മുതൽ<br>31-3-16 വരെ |
| സെക്രട്ടറി | : | ശ്രീ.അലക്സ് | 1-4-15 മുതൽ<br>25-7-15 വരെ |
| | | ശ്രീ.ജോസ് | 26-7-15 മുതൽ<br>31-3-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | വിനയകുമാർ | 01-04-2015 മുതൽ<br>31-03-2016 വരെ |
| കൃഷി ഓഫീസർ | | കെ ആർ<br>സജികുമാർ | 1-04-15 മുതൽ<br>31-3-16 വരെ |
| വി.ഇ.ഓ | | സാബു | 1-04-15 മുതൽ<br>31-03-16 വരെ |
| വെറ്റിനറിസർജൻ | | ഡോ.ബിന്ദു | 1-04-2015 മുതൽ<br>31-03-2016 വരെ |
| എ.ഇ | | യേശുദാസൻ | 1-04-2015 മുതൽ<br>31-03-2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | കുമാരി ശ്രീദേവി | 01-04-2015 മുതൽ<br>31-03-2016 വരെ |

| | | | |
|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | കെ.ശ്രീകുമാരി | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | | അനുപ ആനന്ദ് | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഇല്ല. | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | | കെപ്രമോദ് കുമാർ | 1-4-15 മുതൽ 31-3-16 വരെ |
| എച്ച് എം. | | ഡെയ്സിസാമുവൽ | 01-04-15 മുതൽ 31-03-16 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | നികുതിയടവാക്കാതെ മൊബൈൽ ടവറുകൾ | 2-1 |
| 13 | കടമുറികളുടെ വാടക ഈടാക്കാത്തതു മൂലം നഷ്ടം-2682/-രൂപ | 2-2 |
| | ഭാഗം 3 | |
| 14 | പ്രോജക്ട് പൂർത്തീകരിക്കാതെ കരാറിൽ നിന്ന് പിൻമാറിയ വ്യക്തിക്ക് ഇ.എം.ഡി തുക തിരികെ നൽകി | 3-1 |
| 15 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വിതരണം ചെയ്തിട്ടില്ല. | 3-2 |
| 16 | ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ- | 3-3 |
| 17 | വി.എസ്.ക്യാഷു ഫാക്ടറി –തെങ്ങുതറ കോളനി റോഡ് കോൺക്രീറ്റിംഗ്-കരാർ കാലാവധി ദീർഘിപ്പിച്ചു-ഫൈൻ ഈടാക്കിയില്ല-4,000/-രൂപ നഷ്ടം | 3-4 |
| 18 | ശിങ്കാരപ്പള്ളി കുടിവെള്ളപദ്ധതിയുടെ കറന്റ്ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ തനതു ഫണ്ടിൽ നിന്ന് ചെലവാക്കുന്നു | 3-5 |
| 19 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ 65000/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 20 | പോസ്റ്റ് ഷിഫ്റ്റിംഗ് | 3-7 |
| 21 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് | 3-8 |

| | | |
|---|---|---|
| | പാലിക്കുന്നില്ല | |
| 22 | ഗ്രാമപഞ്ചായത്തിന്റെ പുറമ്പോക്ക് രജിസ്റ്റർ കാലികമല്ല | 3-9 |
| 23 | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം | 3-10 |
| 24 | അങ്കണവാടി വൈദ്യുതീകരണം | 3-11 |
| 25 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-12 |
| | ഭാഗം 4 | 3-15 |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് /പുതുക്കിയ ബജറ്റ് 13/3/15 തീയതിയിലെ ഒന്നാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക | ഓഡിറ്റിൽ | ലഭിച്ച | അപാകത | അപാകത |
|---|---|---|---|---|

| വർഷം | ലഭിക്കേണ്ട തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 30-07-2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22-10-16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

1.മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല
2.ബജറ്റ് ഫംക്ഷൻ-ഫംക്ഷനറി അടിസ്ഥാനത്തില്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല
3.സംയോജിത പദ്ധതികൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല
4.സംയോജിത പദ്ധതികൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ട് ചിലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു
5.സെക്രട്ടറി ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല
6.പാർട്ട് ബിൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് പണം നൽകിയതിൽ ആസ്തിയായി മാറ്റിയിട്ടുണ്ടെങ്കിലും ആയത് പൂർത്തിയായത് സംബന്ധിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | 23366751 |
| വരവ് | 29106914 |
| ആകെ | 52473664.44 |
| ചെലവ് | 44509469 |
| നീക്കി ബാക്കി | 7964196 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 810818 | 11751891 | 12562709 | 8597262 | 3965447 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 4568788 | 885454 | 5454242 | 5454242 | 0 | |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 21000 | 21000 | 21000 | 0 | |
| സംരക്ഷണഗ്രാന്റ്(റോഡ്) | 1853719 | 2420115 | 4273834 | 5044977 | | -771143 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 1298708 | 437048 | 1735756 | 964613 | 0 | 771143 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2292322 | 2943371 | 5235693 | 5235693 | 0 | 0 |
| ലോകബാങ്ക് സഹായം | 2589746 | -2277275 | 312471 | 312471 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 51655076 | 111 | 28518242 | ഇല്ല | 49 | 55 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 15.5 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3189784 | 2584410 | -605374 | -23.42% |
| നികുതിയേതര വരവുകൾ | 1601774 | 674246 | -927528 | -137.56% |
| മറ്റ് വരവുകൾ | 6241851 | 6598837 | 356986 | 5.40% |
| ആകെ | 11033409 | 9857493 | -1175886 | -155.58% |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 305040 | 250 |
| കർഷക തൊഴിലാളി പെൻഷൻ | 1623990 | 260 |
| വിധവാ പെൻഷൻ | 8581880 | 902 |
| വാർദ്ധക്യകാല പെൻഷൻ | 4423560 | 195 |
| വികലാംഗ പെൻഷൻ | 2600930 | 272 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 345760 | 43 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/10/16ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 520/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് പിരിവ് ഊർജ്ജിതമായി നടക്കുന്നില്ല. ഡി.സി.ബി വരവിനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു.

പ്രധാന കേന്ദ്രങ്ങളിലെല്ലാം തന്നെ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെയാണ് മേൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത്.

രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ആസ്തി രജിസ്റ്ററിൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 6/9/2016 | 07/2016 | ഇല്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 16-05-2008 | 97-98മുതൽ 07-08 വരെ | 5-7-2008 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതിയീടാക്കാതെ മൊബൈൽ ടവറുകൾ

കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ഭാരതി എയർടെൽ ലിമിറ്റഡിന്റെ 3 മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നിന് നികുതി ഈടാക്കുന്നില്ല. ഇതിൽ 2 ടവറുകൾക്ക് ഡിമാന്റ് നോട്ടീസും തുടർന്ന് 27/08/16ന് രജിസ്റ്റേഡ് നോട്ടീസും നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പന്ത്രണ്ടാം വാർഡിൽ 456നം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായ മൊബൈൽ ടവറിന് ഓഡിറ്റ് നിർദേശത്തെ തുടർന്നാണ് ഡിമാന്റ് നോട്ടീസ് നൽകിയത്.

കെട്ടിടനികുതിയുടെ വിശദാംശങ്ങൾ

| കെട്ടിട നം | വർഷം | വാർഷിക നികുതി | ഗ്രന്ഥശാലാ വരി | സേവനഉപ നികുതി | ആകെ |
|---|---|---|---|---|---|
| 4/114 | 2013-14<br>2014-15<br>2015-16 | 17289<br>„<br>„ | 865<br>„<br>„ | 2940<br>„<br>„ | 21094<br>„<br>„ |
| 8/481 | 2013-14<br>2014-15<br>2015-16 | 23918<br>„<br>„ | 1196<br>„<br>„ | 4067<br>„<br>„ | 29181<br>„<br>„ |
| 12/456 | 2013-14<br>2014-15<br>2015-16 | 27085<br>„<br>„ | 1355<br>„<br>„ | 4605<br>„<br>„ | 33045<br>„<br>„ |

പ്രസ്തുത ടവറുകൾ എന്ന് മുതലാണ് പ്രവർത്തിച്ച് വരുന്നത് എന്നതിന് പഞ്ചായത്തിൽ കൃത്യമായ രേഖകളില്ല. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സീരിയൽ നം. 1091 ആയി 15/07/2010ന് ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8 ഫ്ളോർ വങ്കാരത്ത് ടവേഴ്സ് കൊച്ചി-24 എന്ന സ്ഥാപനം നം. 3736/10/15-07-2010ന് ഇപ്പോഴത്തെ എട്ടാം വാർഡിൽ പ്രവർത്തിക്കുന്ന ടവറിന് പെർമിറ്റ് അടച്ചതായി കാണുന്നു. എന്നാൽ മറ്റ് ടവറുകൾക്ക് പെർമിറ്റ് ഫീ അടച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

ഭാരതി എയർടെൽ ടവറുകളുടെ കുടിശ്ശിക നികുതി പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

ജി.ഒ (ആർ.റ്റി)2640/2012/ത.സ്വ.ഭ.വ/ 19/09/12 പ്രകാരം ബി.എസ്.എൻ.എൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കേണ്ടതാണെന്നിരിക്കെ പഞ്ചായത്ത് അതിനുള്ള നടപടികൾ നാളിതുവരെയായി സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത ടവറുകളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-2 <u>കടമുറികളുടെ വാടക ഈടാക്കാത്തതു മൂലം നഷ്ടം-**2682/-**രൂപ</u>

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ററാൾ നം-2 എന്ന കടമുറി ഷാനവാസ് ലൈലാ നിവാസ് എന്ന വ്യക്തിയാണ് വാടകക്ക്

എടുത്തത്. ആദ്യത്തെ 3 മാസത്തെ വാടക തുക അടവാക്കിയതിന ശേഷം 7/15 മുതൽ 3/16 വരെ വാടക അടവാക്കിയിട്ടില്ല. 298 രൂപ വീതം 9 മാസത്തെ കുടിശ്ശികയായ 2682/-രൂപ 7/15 മുതൽ 3/16 വരെ ഈടാക്കാനുണ്ട്. ടി തുക പിഴപ്പലിശയും ചേർത്ത് ഈടാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിവരം ലഭ്യമാക്കണമെന്ന് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക്(നം-3തീയതി/26-10-16) 23/9/16ൽ ടി വ്യക്തിക്ക് നൽകിയ R.R നോട്ടീസ് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക പിരിച്ചെടുത്ത് തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്ട് പൂർത്തീകരിക്കാതെ കരാറിൽ നിന്ന് പിൻമാറിയ വ്യക്തിക്ക് ഇ.എം.ഡി തുക തിരികെ നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2015-16 ൽ നടപ്പിലാക്കിയ രണ്ട് സ്പിൽ ഓവർ പദ്ധതികളാണ് കിടാരി വളർത്തൽ വനിത(ജനറൽ) (പ്രോജക്ട് നമ്പർ. 56/15-16), കിടാരി വളർത്തൽ വനിത(എസ്.സി.പി) (പ്രോജക്ട് നമ്പർ.57/15-16)എന്നിവ. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015-16 ൽ റീ ടെൻഡർ ക്ഷണിച്ചതിൽ ശ്രീ.ഹബീബ് മുഹമ്മദ് റാവുത്തർ, എച്ച്.എസ്. വില്ല, ശൂരനാട് എന്ന വ്യക്തിയുടെ ടെൻഡർ (ഒരെണ്ണം 10,000/-രൂപ) 28.3.15ലെ 2ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ കിടാരി വളർത്തൽ വനിത(ജനറൽ) എന്ന പ്രോജക്ടിന് 8 കിടാരികളെ സപ്ലൈ ചെയ്യുകയും ചെയ്തു. എന്നാൽ തുടർന്ന്, പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ, കിടാരികളെ മാർക്കറ്റിൽ ലഭ്യമല്ല എന്ന കാരണം പറഞ്ഞുകൊണ്ട് ശ്രീ.ഹബീബ് മുഹമ്മദ് റാവുത്തർ ടെൻഡറിൽ നിന്ന് പിൻമാറുകയും ചെയ്തു. ടെൻഡറിൽ നിന്ന് പിൻവാങ്ങിയതിനാൽ, സപ്ലൈയർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ടിയാൾക്ക് നൽകുവാനുള്ള തുകയും മറ്റ് ഡെപ്പോസിറ്റുകളും പദ്ധതി പൂർത്തിയാക്കുന്നതു വരെ നൽകേണ്ടതില്ലയെന്നും 16.9.2015 ലെ 2(ബി) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് തീരുമാനിക്കുകയും ചെയ്തു. എന്നാൽ, മേൽ പ്രോജക്ടുകൾക്കായി പഞ്ചായത്തിൽ ഇ.എം.ഡി ഇനത്തിൻ ശ്രീ.ഹബീബ് അടവ് വരുത്തിയ 11250/-രൂപ (ജനറൽ-3750/- എസ്.സി.പി-7500/-) തിരികെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ പഞ്ചായത്തിൽ നിന്നും തുക ആവശ്യപ്പെടുകയും പ്രസ്തുത തുക തിരികെ നൽകുന്നതിനായി ചെക്ക് നമ്പർ.989454/ 25.2.16 പ്രകാരം 11250/- രൂപ സെക്രട്ടറി ഡയറി ഫാം ഇൻസ്പെക്ടർക്കു നൽകുകയും ചെയ്തു. തുടർന്ന്, ഡയറി ഫാം ഇൻസ്ട്രക്ടർ ഡി.ഡി മുഖാന്തിരം 11250/- രൂപ(ഡി.ഡി നമ്പർ 570178/18.3.16 -3750/-രൂപ, 570177/18.3.16 – 7500/-രൂപ) ശ്രീ.ഹബീബിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തെ മറികടന്ന്, ടെൻഡറിൽ നിന്ന് പിൻമാറിയ വ്യക്തിക്ക് ഇ.എം.ഡി തുക തിരികെ നൽകിയതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം ഇ.എം.ഡി ഇനത്തിലെ 11250/- രൂപ തിരികെ ഈടാക്കി ഒടുക്കു വരുത്തുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയായ ഡയറി ഫാം ഇൻസ്ട്രക്ടറിൽ നിന്ന് ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**3-2** <u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വിതരണം ചെയ്തിട്ടില്ല.</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(നമ്പർ.15-16). വികസന ഫണ്ടിനത്തിൽ 72500/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 36250/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 36250/- രൂപയും ഉൾപ്പടെ ആകെ 145000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് വികസന ഫണ്ടിനത്തിലെ 72500/-രൂപ(ബിൽ നമ്പർ.12/15-16, 21.3.16) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതം ഡി.ഡി നമ്പർ.126314/26.3.16 പ്രകാരവും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 554109/31.3.16 പ്രകാരവും പഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും നാളിതുവരെ ചെലവഴിച്ചിട്ടില്ല. മാത്രവുമല്ല, ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി സ്പിൽ ഓവർ പ്രോജക്ടും വച്ചിട്ടില്ല. ആയതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിൽ(എൻക്വയറി.1/26.10.16) പ്രോജക്ട് റിവൈസ് ചെയ്യുന്ന സമയത്ത് ഈ പ്രോജക്ടും കൂടി ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആയതു സംബന്ധിച്ച നടപടി സ്വീകരിച്ച് തുക വിതരണം ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**3-3** <u>ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ</u>

ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 20/15-16) ബിൽ നമ്പർ 17/15-16 പ്രകാരം പിൻവലിച്ച 100000/- രൂപ ഡി.ഡി.നമ്പർ 25600/28-01-2016 ആയി നൽകിയിട്ടുണ്ട്. 11503400809/2-01-16 രസീതു നമ്പർ പ്രകാരം ജില്ലാ പഞ്ചായത്തിൽ വരവിലെടുത്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/31-10-2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവായ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-4** <u>വി.എസ്.ക്യാഷ്യു ഫാക്ടറി –തെങ്ങുതറ കോളനി റോഡ് കോൺക്രീറ്റിംഗ്-കരാർ കാലാവധി ദീർഘിപ്പിച്ചു-ഫൈൻ ഈടാക്കിയില്ല-**4,000/-**നഷ്ടം</u>

പ്രോജക്ട് നം. SO139/15-16 അടങ്കൽ തുക- 4 ലക്ഷം(എസ്.സി.പി)

കരാറുകാരൻ - ശ്രീ.പി.ശശിധരൻ ,കൈതവന കാവിൽ, താഴം, കിഴക്കെ കല്ലട

ബിൽ നം. 24/15-16/31.12.15

എം.ബുക്ക് നം.14/15-16

എഗ്രിമെന്റ് നം. -Agmt/EKGP/41/14-15/20.11.14

ടി പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.പി.ശശിധരൻ 10.07.15 -നാണ് 'സൈറ്റ് ഹാൻഡ് ഓവർ ' രേഖയിൽ ഒപ്പ് വച്ചിട്ടുള്ളത്. കരാർ പ്രകാരം 10.11.15 ന് പൂർത്തിയാക്കേണ്ട പ്രവൃത്തിയ്ക്ക് 07.11.15 ന് കരാറുകാരൻ, കരാർ ദീർഘിപ്പിക്കലിന് അപേക്ഷ നൽകി. കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ ദീർഘിപ്പിക്കുന്നതിനു അനുമതി നൽകിയെങ്കിലും 16.12.15 ന് മൂല്യ നിർണ്ണയവും 19.12.15 ന് ചെക്ക് മെഷർമെന്റും നടത്തി തുക അനുവദിച്ചുവെങ്കിലും പിഴ

ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 -1 പ്രകാരം അടങ്കൽ തുകയുടെ 1% പിഴയായ 4,000/-രൂപ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് എ.ഇ യ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8/28.10.2016) പിഴ തുക കരാറുകാരനിൽ ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.

## 3-5 <u>ശിങ്കാരപ്പള്ളി കുടിവെള്ളപദ്ധതിയുടെ കറന്റ് ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനംഎന്നിവ തനതുഫണ്ടിൽനിന്ന് ചെലവാക്കുന്നതു സംബന്ധിച്ച്</u>

2015-16 സാമ്പത്തിക വർഷത്തിലെ വൗച്ചറുകൾ പരിശോധിച്ചതിൽ ശിങ്കാരപ്പള്ളി കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജും, പമ്പ് ഓപ്പറേറ്റർമാരുടെ വേതനവും തനതു ഫണ്ടിൽ നിന്നും നൽകി വരുന്നു. കറന്റ് ചാർജ് ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കണമെന്ന് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും തനതു ഫണ്ടിൽ നിന്നും നൽകി വരുന്നു. ആയതിനെ സംബന്ധിച്ച് മറുപടി ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2015-16ൽ 156/15-16 പ്രോജക്ട് ആയി വികസന ഫണ്ട് 100000/-രൂപ വകയിരുത്തി. ഈ പദ്ധതിയുടെ കേടായ ടാങ്കുകൾ, പൈപ്പുകൾ , ടാപ്പുകൾ, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തികൾക്കുമായി 96252/-രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം. 9/15-16/30/09/15). ഗുണഭോക്തൃ സമിതിക്ക് കൈമാറാതെ ഇപ്പോഴും പഞ്ചായത്തിൽ നിന്നു തന്നെ ടി പദ്ധതിക്ക് തുക ചെലവഴിക്കുന്നു. ആയത് അംഗീകരിക്കാനാവില്ല. ആയതിനാൽ വരും സാമ്പത്തിക വർഷങ്ങളിൽ മേൽ വിവരിച്ച അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 <u>കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ 65000/-രൂപ തടസ്സപ്പെടുത്തുന്നു</u>

2015-16 സാമ്പത്തിക വർഷത്തിൽ 9/15ലെ വൗച്ചർ പരിശോധിച്ചതിൽ പ്രോജക്റ്റ്നം-78/15-16 പ്രകാരം മീഡിയശ്രീ ഡോക്യുമെന്ററി ചിത്രീകരണത്തിന് 65000/-രൂപ തനതു ഫണ്ടിൽ നിന്ന് ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ കൊല്ലത്തിന് 10/12/15ൽ നൽകിയിട്ടുണ്ട്(ഡി. ഡി .നം681493 എ.സ്.ബി.റ്റി കുണ്ടറ). തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും 29/10/15 ലെ കൈപ്പറ്റ് രസീതാണ് ഹാജരാക്കിയത്. 17/12/15ൽ പ്രത്യേക ഉത്തരവിൻ പ്രകാരം മടങ്ങി വന്ന ഡി.ഡി 21/12/15ൽ പുനസമർപ്പിച്ചിട്ടുണ്ടെന്ന് കെ1-1/2015/21/12/15ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം ജില്ലാ മിഷൻ കോഓർഡിനേറ്റർ കുടുംബശ്രീ കൊല്ലത്തിന്റെ കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യ പത്രവും ഹാജരാക്കണമെന്ന് 27/10/16ലെ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 65000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 65000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-7 <u>പോസ്റ്റ് ഷിഫിറ്റിംഗ്</u>

പോസ്റ്റ് ഷിഫിറ്റിംഗ് പ്രോജക്ട് നമ്പർ 74/16

അടങ്കൽ തുക -100000/-രൂപ

ചെലവ് തുക -18980/-രൂപ
(ചെക്ക് നമ്പർ -752128/14-12-2015)
പ്രോജക്റ്റ് നമ്പർ -44/16

അടങ്കൽ തുക -15011/-രൂപ
ചെലവ് തുക -10799/-രൂപ

(ചെക്ക് നമ്പർ 752129/14-12-2015)

വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/31-10-2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ തുക, 29779/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും കാലികമായി പരിപാലിയ്ക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തിയിൽ ഉൾപ്പെടുത്തി-യിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾ-ക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 ഗ്രാമപഞ്ചായത്തിന്റെ പുറമ്പോക്ക് രജിസ്റ്റർ കാലികമല്ല

ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ച വരുന്നുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 17.04.15 ലെ 11 (8) തീരുമാനത്തിൽ, നിലവിൽ റവന്യൂ പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ബസ്റ്റാന്റിന്റെ ഭൂമി, ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്നതിനും 1.07.15 ലെ 8(3) തീരുമാനത്തിൽ ശിങ്കാരപ്പള്ളിയിൽ ഗ്രാമപഞ്ചായത്ത് വക റീസർവ്വെ 330/1ൽപ്പെട്ട വസ്തുവിൽ കൈയേറ്റം നടന്നതിനാൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് കൊല്ലം അഡീഷണൽ തഹസിൽദാരോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പുറമ്പോക്ക് രജിസ്റ്ററിൽ 1977-78 വർഷം വരെയുള്ള വസ്തുക്കളുടെ കണക്ക് പ്രകാരം 215 ഏക്കർ 28.846 സെന്റ് വിസ്തീർണ്ണമാണ് രേഖപ്പെടുത്തി-യിട്ടുള്ളത്. എന്നാൽ ആസ്തി രജിസ്റ്ററിൽ നിന്നോ മറ്റ് രേഖകളിൽ നിന്നോ ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിൽ ഇത്രയും ഭൂമി ഉള്ളതിന് രേഖയില്ല. ടി സാഹചര്യത്തിൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ ഭൂമി കൃത്യമായി തിട്ടപ്പെടുത്തേ-ണ്ടതാണ്. കൈയേറ്റ കേസുകളിൽ ആസ്തി സംരക്ഷിക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെ ചുമതലപ്പെട്ടവർ സ്വീകരിക്കേണ്ടതുമാണ്.

## 3-10 <u>പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം</u>

പ്രോജക്ട് നമ്പർ -3/16
ചെലവ് തുക -338625/-രൂപ
ബിൽ നമ്പർ -8/1-08-2015

ഡി.ഡി.നമ്പർ -860554/2-08-2015

വിനിയോഗ സാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/31-10-2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവായ തുക 338625/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 3-11 <u>അങ്കണവാടി വൈദ്യുതീകരണം</u>

പ്രോജക്ട് നമ്പർ-45/16
ബിൽ നമ്പർ 07/1-08-2015

ഡി.ഡി.നമ്പർ –
860553/24-08-15 – 30875/-രൂപ

50518/4-9-2015 – 8500/-രൂപ

വിനിയോഗ സാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/31-10-2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവായ തുക, 39375/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷത്തിൽ 1147 കുടുംബങ്ങൾക്ക് 38607 മനുഷ്യ ദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ ഒരു കുടുംബം 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 4249219/-രൂപയുടെ ചെലവ് നാല് മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

ഭൂവികസനം - 33 എണ്ണം
ഐ.എ.വൈ ഭവന നിർമ്മാണം - 24 എണ്ണം
ജല സംരക്ഷണം - 21 എണ്ണം
വെള്ളപ്പൊക്ക നിയന്ത്രണം - 3 എണ്ണം

അപാകതകൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.
2.പ്രവൃത്തികൾ നടപ്പിലാക്കിയ എല്ലാ വസ്തുക്കളുടെയും കരം അടച്ച് രസീതുകൾ ഹാജരാക്കിയിട്ടില്ല. കരം അടച്ച പല രസീതുകളും കാലികമല്ല(മുൻ വർഷങ്ങളിലേത്)
3. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
4.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
5.പ്രവൃത്തിയുടെ ഫോട്ടോകൾ പരിമിതമായതിനാൽ, പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.
6.ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതികളുടെ ഫയലുകളിൽ ഉൾപ്പെടുത്തിയ ഫോട്ടോകളിൽ നിന്നും ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടതായി ബോധ്യപ്പെടുന്നില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് | 200000 | കാലിത്തീറ്റ സബ്സിഡി | 200000 | |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | 98000 | ഗ്രോബാഗ് കൾട്ടിവേഷൻ | 98000 | |
| | 27000 | പാടി കൾട്ടിവേഷൻ | 27000 | |
| ജില്ലാ പഞ്ചായത്ത് | 36250 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | 36250 |
| ബ്ലോക്ക് പഞ്ചായത്ത് | 36250 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | 36250 |
| ആകെ | 397500 | | 325000 | 72500 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം (KSEB, KWA, GWD എന്നിവയിലെ വിവരം പ്രത്യേകം ഉൾപ്പെടുത്തുക)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| പി ഡബ്ലി.യു ഇലക്ട്രിക്കൽ വിംഗ് | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം | 21500471 | 338625 | | | 338625 |
| | അങ്കണവാടി വൈദ്യുതീകരണം | 21500472 | 30875 | | | 30875 |
| | അങ്കണവാടി വൈദ്യുതീകരണം | 21500483 | 8500 | | | 8500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ പറയുന്നു

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവന പദ്ധതി | 522/2010 ത.സ്വ.ഭ. വ 17/02/2010 | 10765000 | 4269000 | 2737000 | | 1532000 |
| | | | 10765000 | 4269000 | 2737000 | | 1532000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 10-11, 11-12 3(11) | 14-15, 4-1-10 | വൃദ്ധ സദനത്തിന് റിവോൾവിംഗ് ചെയർ | പരിഹരിച്ചിട്ടില്ല |
| 12-13 1(4) | 14-15, 4-1-06 | കൃഷി ഭവൻ കെട്ടിട പുനരുദ്ധാരണം | |
| 12-13 | 14-15, 4-1-15 | മിനി സ്റ്റേഡിയം പണി | |

| | | | |
|---|---|---|---|
| 1(5) | | ആരംഭിച്ചു- പൂർത്തീകരിച്ചില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52473664.44 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44509469 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2682 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 572779 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2682 | | ജോസ് സെക്രട്ടറി |
| 3-1 | | 11250 | കുമാരി ശ്രീദേവി ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-4 | | 4000 | യേശുദാസൻ, എ.ഇ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 100000 | ജോസ്, സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 65000 | ജോസ്, സെക്രട്ടറി |
| 3-7 | 29779 | ജോസ്. സെക്രട്ടറി |
| 3-10 | 338625 | ജോസ്, സെക്രട്ടറി |
| 3-11 | 39375 | ജോസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കുമാരി.ശ്രീദേവി | | ലിസ്സി,<br>P.T.25/1831,<br>തമ്മനം പി.ഓ.<br>തിരുവനന്തപുരം |
| ജോസ്<br>സെക്രട്ടറി | | ജെയിൻകോട്ടേജ്,<br>മങ്ങാട് പി.ഒ കൊല്ലം |
| യേശുദാസൻ,<br>എ.ഇ. | | കാട്ടുവിള വീട്<br>മതിലിൽ കൊല്ലം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 97-98 | കെ.എസ്.എ.കെ.എൽ.എം.പി.1484/15-11-12-15 |
| 98-99 | എൽ.എഫ്.ക്യൂപി.6/896/2000/5-11-01 |
| 99-2000 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2005-06 | എൽ.എഫ്.ക്യൂപി.1/386/2014/26-6-14 |
| 2006-07 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2007-08 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2008-09 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2009-10 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2010-11&2011-12 | എൽ.എഫ്.ക്യൂപി.2/430/2013/17-01-14 |
| 2012-13 | എൽ.എഫ്.ക്യൂപി.2/998/14/30-6-15 |
| 2013-14&2014-15 | കെ.എൽ.എം പി1430/2016/26-03-16 |

ഡെപ്യൂട്ടി ഡയറക്ടർ

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.3 – 1789/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 9/01/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൈലം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.